(c) is it not the practice in Mysore to note the time of passing on the face of the ticket and to allow the purchaser 24 hours?

Mr. K. Achyuta Menon.—(a) Yes.

(b) It might, to a certain extent, in the case of such a purchaser.

(c) No information.

Mr. A. V. Moothedan.—Will the Government be pleased to consider the new suggestion and inform what is the practice in Mysore?

Mr. K. Achyuta Menon.—I have asked for the information and I have not got it.

Affray—Thammanam.

66. മിസ്റ്റർ വി. കെ. കുട്ടി.— താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവൺമെൻറിന്നു ദയവുണ്ടാകുമോ.—

(എ) എറണാകുളം കസ് ബാ അത്തിയിൽപെട്ട തമ്മനം ദേശത്തുവെച്ചുണ്ടായ ഒരു അടികലശലിനെപറ്റി എടപ്പള്ളി (തിരുവിതാംകൂർ) പോലീസ് ഇൻസ്പെക്ടരുടെ അടുക്കൽനിന്നും വല്ല റിപ്പോർട്ടും ഇക്കൊല്ലം ഗവൺമെണ്ടിലേക്ക് കൈമാറം ചെയ്തിട്ടുണ്ടോ;

(ഏ) ഉണ്ടെങ്കിൽ അതിനെപറ്റി എന്തു നടപടി നടത്തി;

(ന) പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ ഏതു ഘട്ടത്തിൽ എത്തിയിരിക്കുന്നു;

(ര) ആ റിപ്പോർട്ടിൻെറ ഒരു നേർപകർപ്പ് ദേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ.—

മിസ്റ്റർ എ. എൽ. ദേവസ്സി.— (എ) ഉണ്ട്.

(ഏ) ഒരു നടപടിയും നടത്തിയില്ല.

(ന) റിക്കാർട്ടാക്കിയിരിക്കുന്നു.

(ര) പോലീസ് റിപ്പോർട്ടുകൾ സ്വകാര്യമായതുകൊണ്ട് കോപ്പി തരുവാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. കെ. കുട്ടി.— നമ്പർ ഏ ൽ ഒരു നടപടിയും നടത്തീട്ടില്ല എന്നു പറഞ്ഞിരിക്കുന്നു. അതിനു കാരണമെന്താണെന്നു ദയവായി പറയാമോ?

മസ്റ്റർ എ. എൽ. ദേവസ്സി.— ഇടപ്പള്ളി പോലീസിൻെറ റിപ്പോർട്ട വരുന്നതിനുമുമ്പ് ഈ സംഗതിയെ സംബന്ധിച്ച് കുണയന്നൂർ മജിസ്ട്രേട്ട കോടതിയിൽ ഒരു കേസുണ്ടായിരുന്നു. അതേ സംഭവത്തെക്കു

LIBRARY ARCHIVES Kerala Legislative Assembly

റിച്ച് എറണാകുളം മജിസ്ട്രേട്ട കോടതിയിൽ വീണ്ടുമൊരു കേസു നടത്തുവാൻ പാടില്ലാത്തതുകൊണ്ടാണ് യാതൊന്നും ചെയ്തിട്ടില്ലാത്തത്.

മിസ്റ്റർ വി. കെ. കുട്ടി.— എറണാകുളം മജിസ്ട്രേട്ട കോടതിയിൽ അന്യായം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞതു് ഈ സംഗതിയെ സംബന്ധിച്ചാണെന്നു ധൈര്യമായി പറയാമോ?

മിസ്റ്റർ എ. എൽ. ദേവസ്സി.— അതു് ഈ സംഭവത്തെക്കുറിച്ചുള്ളതാണെന്നു് എനിക്കറിയാം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— മജിസ്ട്രേട്ട കോടതിയിൽ കേസുണ്ടെന്നു വച്ചിട്ട് പോലീസിന് ഇതിൽ ഒരു നടപടിയും നടത്തിക്കൂടേ?

മിസ്റ്റർ എ. എൽ. ദേവസ്സി.— കോടതിയിൽ നിലവിലിരിക്കുന്ന കേസുകളെപ്പറ്റി പോലീസിന് നടപടി നടത്തുവാൻ പാടില്ലെന്നാണു നിയമം.

മിസ്റ്റർ വി. കെ. കുട്ടി.— റിക്കാർട്ടാക്കിയിരിക്കുന്നുവെന്നു പറഞ്ഞിട്ടുള്ളതിന്റെ അർത്ഥമെന്താണു്?

മിസ്റ്റർ എ. എൽ. ദേവസ്സി.— ഇടപ്പള്ളി പോലീസിന്റെ റിപ്പോർട്ട റിക്കാർട്ടാക്കിയിരിക്കുന്നുവെന്നാണു്.

മിസ്റ്റർ വി. കെ. കുട്ടി.— ബൌണ്ടറിയിൽവച്ച് എന്തെങ്കിലും ഒരു സംഭവമുണ്ടായാൽ അതു ശരിയാണോ എന്നാലോചിച്ച് അതിനുശേഷം അങ്ങുമിങ്ങും മാറാം ചെയ്യുക സാധാരണമല്ലേ?

മിസ്റ്റർ എ. എൽ. ദേവസ്സി.— ചിലപ്പോൾ അങ്ങിനെ ചെയ്യാറുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി.— അങ്ങിനെ ഒരു സംഭവമുണ്ടായാൽ അതിനെപ്പറ്റി ഈ സ്റ്റേറ്റിൽ ചിന്തിക്കുവാൻ പാടില്ലെന്നു നിയമമുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി.— അങ്ങിനെ നിയമമില്ല.

മിസ്റ്റർ വി. കെ. കുട്ടി.— മേലാലെങ്കിലും അങ്ങിനെയുള്ള കാര്യങ്ങളിൽ കമ്മീഷണരവർകൾ ദയവുചെയ്തു പ്രത്യേകം ശ്രദ്ധിക്കുമോ?

മിസ്റ്റർ എ. എൽ. ദേവസ്സി.— ചോദ്യം മനസ്സിലായില്ല.

മിസ്റ്റർ വി. കെ. കുട്ടി.— ബൌണ്ടറിയിൽ ഉണ്ടാകുന്ന സംഭവങ്ങൾ അങ്ങുമിങ്ങും കൈമാറാം ചെയ്യുണ്ട ചുമതല പ്രത്യേകിച്ചും ഗവൺമെന്റിനുള്ളതാണ്. അതു ചെയ്യാത്തതുകൊണ്ടു പരിഭവമായിട്ടു പറയുന്നതല്ല. പ്രത്യേകിച്ച് കമ്മീഷണരവർകൾ പുതിയ ആളായതുകൊണ്ട് അദ്ദേഹത്തിന് ഇതിനെപ്പറ്റി ശരിക്ക് അറിഞ്ഞിരിക്കുവാനും കഴിഞ്ഞിരിക്കയില്ല എന്ന് എനിക്കറിയാം. അതുകൊണ്ട് മേലാലെങ്കിലും ഈ കാര്യത്തെക്കുറിച്ചു ഗൌരവമായിട്ട ശ്രദ്ധിക്കുമോ എന്നാണ് ചോദിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ദേവസ്സി.— നിയമപ്രകാരം യാതൊരു തടസ്ഥവുമില്ലെങ്കിൽ ചെയ്യാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഈ സംഗതി അത്ര ഗൌരവമേറിയതാണെന്നു ഗവൺമെൻറിനറിയാമോ?

മിസ്റ്റർ എ. എൽ. ദേവസ്സി.— ഏതുസംഗതി; ഇപ്പോൾ ചോദിക്കുന്നതോ ഈ ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഈ ചോദ്യത്തിൽ കാണുന്ന സംഗതിതന്നെ.

മിസ്റ്റർ എ. എൽ. ദേവസ്സി.— സാധാരണ കേസ്സുകളുണ്ടാകുന്നതൊക്കെ ഗൌരവമായിട്ടതന്നെയാണ്.

Appointments in the Police Department—Claims of Muslim Candidates.

67. മിസ്റ്റർ വി. കെ. കുട്ടി.— താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമൊ —

(എ) (എ) പോലീസ് വകുപ്പിൽ ഫഫഫ ആണ്ടിൽ എത്ര മുസ്ലീം ഇൻസ്പെക്ടർമാർ ഉണ്ടായിരുന്നു;

(ബി) ഇപ്പോൾ അവരിൽ എത്ര പേർ ഉണ്ട്;

(സി) ഫഫഫ, ഫഫഫ എന്നീ കൊല്ലങ്ങളിൽ പുതുതായി എത്ര ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്;

(ഡി) ഈ നിയമനങ്ങൾ നടത്തിയ അവസരത്തിൽ പ്രസ്തുത ഉദ്യോഗങ്ങൾക്കായി എത്ര മുസ്ലീം അപേക്ഷകന്മാരുണ്ടായിരുന്നു;

(ഇ) അവരിൽ എത്രപേരെ പ്രസ്തുത ഉദ്യോഗം നൽകി അനുഗ്രഹിച്ചു;

(എഫ്) മുസ്ലീംകളുടെ അപേക്ഷകൾ നിലവിലിരിക്കുമ്പോൾ അമുസ്ലീമുകളുടെ പുതിയ അപേക്ഷകൾക്കു മുൻഗണന നൽകി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്;

(ജി) അടുത്തുണ്ടാകുന്ന ഒഴിവുകളിൽ മുസ്ലീം അപേക്ഷകന്മാരെ നിയമിച്ച് അവരുടെ പ്രാതിനിധ്യക്കുറവിനെ പരിഹരിപ്പാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമൊ?

മിസ്റ്റർ എ. എൽ. ദേവസ്സി.— (എ) (എ) ൨.

(ബി) ൧.

(സി) ഫഫഫ-ൽ ൧.

ഫഫഫ-ൽ ൧.

LIBRARY ARCHIVES Kerala Legislative Assembly